പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1947 — 14.8.2017 ൽ മറുപടിയ്ക്ക്

# അംഗപരിമിതർക്കുള്ള ആനുകൂല്യങ്ങൾ

ചോദ്യം — മറുപടി

ശ്രീ.സി.കെ. ഹരീന്ദ്രൻ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാമൂഹിക നീതി വകുപ്പിൽ നിന്നും അംഗപരിമിതർക്ക് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്നും ഇതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) അംഗപരിമിതർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്<br>2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധന സഹായം<br>4. വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം<br>5. വികലാംഗരായ മാതാപിതാക്കളുടെ പെൺ മക്കൾക്ക്/വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം<br>6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്<br>7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം<br>8. വിദ്യാജ്യോതി<br>9. കിടപ്പ് രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ<br>10. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി<br>11. തൊഴിൽപരിശീലന കേന്ദ്രങ്ങൾ<br>12. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ<br>13. സ്പെഷ്യൽ അങ്കണവാടികൾ<br>14. അംഗപരിമിതരുടെ നിയമനം<br>താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br>1. CDMRP-Community Disability Management and Rehabilitation Programme<br>2. Alzhiemer's Related Disorder Society of |

India(ARDSI)

3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre(SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി(NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്(NGO)
8. Insight Project(SPACE)
9. District Psychiatric Rehabilitation Project(IMHANS)
10. SIMC(State Institute on Mentally Challenged)
11. ആശ്രയ

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി
3. അംഗപരിമിതികൾ പ്രതിരോധിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
8. സ്പെഷ്യൽ അങ്കണവാടികൾ
9. പ്രോജക്ട് ഓട്ടിസം
10. കാതോരം
11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
12. ഹെൽപ്പ് ഡെസ്ക്
13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
14. കറക്ഷൻ സർജറികൾ
15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
17. വ്യക്തിഗത പരിപാലന പ്ലാൻ
18. ദേശീയ ശില്പശാല
19. അംഗപരിമിതർക്ക് തൊഴിൽ പരിശീലന ത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ -എംപവർ
21. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
22. അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

| | |
|---|---|
| | കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br><br>1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം<br>2. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി<br>3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി<br>4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി<br>5. നാഷണൽ ഹാൻറിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ<br>6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി<br>7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി<br>8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി<br>9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ<br>10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ<br>11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും<br>12. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനം പരിപാലനം<br>13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി<br>14. ഭിന്നശേഷിക്കാർക്ക് 25000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി |
| (ബി) അംഗപരിമിതർക്ക് മത്സര പരീക്ഷകൾക്ക് എത്തിച്ചേരുന്നതിനും തിരികെ പോരുന്നതിനും ടി.എ. അനുവദിച്ചു നൽകുന്നുണ്ടോ എന്ന് അറിയിക്കാമോ; | (ബി) ഉണ്ട് |

| | |
|---|---|
| (സി) അംഗപരിമിതർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി 6 പ്രത്യേക എക്സ്ചേഞ്ചുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭിന്നശേഷിക്കാർക്കു വേണ്ടി "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മേധാവിയായിട്ടുള്ള സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്കാണ്. ഈ പദ്ധതിയിൽ (1) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നൽകുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ ഗൈഡൻസ് " (2) ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ് " (3) തൊഴിൽ മേഖലകളിലെ മത്സര പരീക്ഷകളിൽ പങ്കെടുത്ത് വിജയം വരിക്കുന്നതിനായി "മത്സര പരീക്ഷാ പരിശീലനം" (4) സ്വയം തൊഴിൽ സംരംഭങ്ങൾക്കായി "പലിശ രഹിത വായ്പാ പദ്ധതി " എന്നിങ്ങനെ നാലു ഘടകങ്ങളുണ്ട്. ഉദ്യോഗാർത്ഥികളെ ഭിന്നശേഷിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അനുയോജ്യമായ ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ സ്വയം പ്രാപ്തരാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കീഴിൽ ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ